## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*79.** **05.02.2020 ൽ മറുപടിയ്ക്ക്**

### സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എം.സി.കമറുദ്ദീൻ.<br>ഡോ.എം.കെ.മുനീർ.<br>ശ്രീ.അബ്ദുൽ ഹമീദ്.പി.** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ നിലവിൽ നർകോട്ടിക് ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുമ്പോൾ പ്രതികൾ ചെറിയ പിഴ നൽകി ഒഴിവായ ശേഷം വീണ്ടും ലഹരി കച്ചവടം നടത്തുന്നതായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനാലാണ് കേന്ദ്ര നിയമമായ The Juvenile Justice (Care and Protection of Children) Act 2015-ലെ 77,78 വകുപ്പുകൾ പ്രകാരം കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ നൽകുന്നവർക്കെതിരെ പോലീസ് വകുപ്പിനെപ്പോലെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം എക്സൈസ് വകുപ്പിനും കൂടി നൽകുന്നതിലേയ്ക്കായി The Juvenile Justice (Care and Protection of Children) Model Rules, 2016-ലെ Rule 56 Sub-rule 1, Rule 57 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സന്ദർഭങ്ങളിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ്സെടുക്കുവാൻ അനുവദിക്കണമെന്ന് എക്സൈസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; | | |
| (സി) | എങ്കിൽ ലഹരി വ്യാപാരം കർശനമായി തടയുന്നതിന് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ്സെടുക്കുന്നതിന് അനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**